# പതിമൂന്നാം കേരള നിയമസഭ
## എട്ടാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 67

18.03.2013 ൽ മറുപടിയ്ക്ക്

**<u>വിശ്വകർമ്മജരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നിയോഗിച്ച ശങ്കരൻ കമ്മീഷന്റെ പ്രവർത്തന പുരോഗതി</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സാജു പോൾ | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| (എ) വിശ്വകർമ്മജരുടെ പ്രശ്നങ്ങൾ പഠിക്കാൻ നിയോഗിച്ച ശങ്കരൻ കമ്മീഷന്റെ പ്രവർത്തന പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; | (എ) ശങ്കരൻ കമ്മീഷന്റെ പ്രവർത്തനം ഇനിയും പൂർണ്ണതോതിൽ ആരംഭിച്ചിട്ടില്ല. അതിനാൽ പുരോഗതി വിലയിരുത്തിയിട്ടില്ല. |
| (ബി) കമ്മീഷന്റെ തെളിവെടുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; | (ബി) കമ്മീഷന്റെ തെളിവെടുപ്പ് നടപടികളുടെ പ്രാരംഭപ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. |
| (സി) കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് നിശ്ചയിച്ചിട്ടുണ്ടോ ; | (സി) പരിശോധിച്ചു വരുന്നു. |
| (ഡി) കമ്മീഷന് ആവശ്യമായ ഓഫീസ്, വാഹനം, സ്റ്റാഫ് എന്നിവ അനുവദിച്ചിട്ടുണ്ടോ ; | (ഡി) കമ്മീഷന് ആവശ്യമായ ഓഫീസ് സ്ഥലസൗകര്യം കണ്ടെത്തിയിട്ടില്ല. കമ്മീഷന്റെയും ഓഫീസ് സ്റ്റാഫിന്റെയും സേവനവേതന വ്യവസ്ഥകൾ നിശ്ചയിച്ചു കൊണ്ട് താമസിയാതെ ഉത്തരവ് നൽകുന്നതാണ്. വാഹനസൗകര്യം അത്യാവശ്യ ഘട്ടങ്ങളിൽ പിന്നോക്ക സമുദായ വികസന വകുപ്പ് ഡയറക്ടറിൽ നിന്നോ അപ്രകാരം ലഭ്യമല്ലെങ്കിൽ സർക്കാർ അംഗീകൃത നിരക്കിൽ വാടകയ്ക്ക് എടുക്കുന്നതിനോ അനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ഇ) റിപ്പോർട്ട് സമർപ്പിക്കാൻ കമ്മീഷന് അനുവദിച്ചിട്ടുള്ള കാലയളവ് എത്രയെന്ന് വ്യക്തമാക്കാമോ ? | (ഇ) സർക്കാർ ഉത്തരവ് (എം.എസ്) നം.133/ 2012/പിസവിവ തീയതി 18/10/2012 പ്രകാരം 6 മാസമാണ്. എന്നാൽ കാലയളവ് നീട്ടി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ